"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

സംഗ്രഹം

സാംസ്കാരികകാര്യ വകുപ്പ് - ജീവനക്കാര്യം - പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി.വിനീത.സി.വി ഫയൽ ചെയ്ത OA(EKM)-1883/2025-മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 19/12/2025-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

.....................................................................................................................................

**സാംസ്കാരിക കാര്യ(സി) വകുപ്പ്**

സ.ഉ (സാധാ) നം: 276/2026/CLAD തീയതി, തിരുവനന്തപുരം, 05-04-2026

.....................................................................................................................................

പരാമർശം :- 1. ശ്രീമതി. വിനീത.സി.വിയുടെ 18.12.2025-ലെ അപേക്ഷ. ( Annexure A11)

2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 19/12/2025-ലെ ഉത്തരവ്.

3. കേരള പബ്ലിക് സർവീസ് കമ്മീഷൻ കൊല്ലം ജില്ലാ ഓഫീസറുടെ 24.02.2024-ലെ QR 111(1) 132542/19 നമ്പർ നിയമന ശിപാർശ.

4. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 02.04.2024 ലെ ഇ 1/1368/24/സാം.വ. നമ്പർ നടപടിക്രമം.

**ഉത്തരവ്**

ശ്രീമതി.വിനീത.സി.വി കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ പി.എസ്.സി മുഖേന ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസിയിൽ 11.08.2023-ന് സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയത്തിൽ ജോലിയിൽ പ്രവേശിച്ചു. പിന്നീട് പി.എസ്.സി യുടെ മറ്റൊരു ലിസ്റ്റിൽ നിന്നും ശ്രീമതി. വിനീത.സി.വി.യ്ക്ക് സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ നിയമനം ലഭിക്കുകയും തുടർന്ന് സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയത്തിൽ നിന്നും വിടുതൽ വാങ്ങി പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ 17.01.2024-ന് ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. എന്നാൽ ചില വ്യക്തിപരമായ കാരണങ്ങളാൽ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ ജോലിയിൽ തുടരാൻ കഴിയില്ലെന്നും മാതൃവകുപ്പായ സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയത്തിൽ ടിയാൾക്ക് ലാവണം നിലനിൽക്കുന്നതിനാൽ സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയത്തിൽ തിരികെ ജോലിയിൽ പ്രവേശിപ്പിക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ട് ടിയാൾ സമർപ്പിച്ച അപേക്ഷ, പ്രസ്തുത കാര്യാലയത്തിൽ ഒഴിവില്ലാത്തതിനാൽ പരിഗണിക്കാൻ നിർവാഹമില്ലായെന്ന കാരണത്താൽ സാംസ്കാരിക വകുപ്പ് ഡയറക്ടർ നിരസിച്ചിരുന്നു.

2. തുടർന്ന്, ശ്രീമതി വിനീത.സി.വി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA(EKM) No-1883/2025 നമ്പറായി കേസ് ഫയൽ ചെയ്യുകയും ബഹു. ട്രിബ്യൂണൽ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ, ഉത്തരവ് ലഭിച്ച് മൂന്ന് മാസത്തിനകം അപേക്ഷകയുടെ പരാമർശം (1) അപേക്ഷയിന്മേൽ ഒന്നാം എതിർ കക്ഷിയോ (സാംസ്കാരിക വകുപ്പ് സെക്രട്ടറി)

അല്ലെങ്കിൽ രണ്ടാം എതിർ കക്ഷിയോ (സാംസ്കാരിക വകുപ്പ് ഡയറക്ടർ) ഉചിതമായ തീരുമാനമെടുക്കുവാൻ ഉത്തരവായിരുന്നു. അതുപ്രകാരം ശ്രീമതി. വിനീത.സി.വി സമർപ്പിച്ച 18.12.2025-ലെ അപേക്ഷ (Annexure A11) സർക്കാർ പരിശോധിച്ചു.

3. തൃശ്ശൂർ സ്വദേശിനിയായ ശ്രീമതി. വിനീത.സി.വി. യ്ക്ക് സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ പി.എസ്.സി മുഖേന ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസിയിൽ ആദ്യനിയമനം ലഭിക്കുകയും 11/08/2023-ൽ ടിയാൾ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. പിന്നീട് ടിയാൾക്ക് തൃശ്ശൂരുള്ള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ അതേ തസ്തികയിൽ നിയമനം ലഭിച്ചതിനെ തുടർന്ന് 16/01/2024-ന് സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയത്തിൽ നിന്നും വിടുതൽ വാങ്ങി 17/01/2024-ൽ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ ജോലിയിൽ പ്രവേശിച്ചു. ഈ ഒഴിവ് പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരമുള്ള നിയമന ശിപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം സാംസ്കാരിക വകുപ്പ് ഡയറക്ടർ ശ്രീമതി രാജി. ജി.പി. എന്ന ഉദ്യോഗാർഥിയെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേയ്ക്ക് ജോലിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. നിലവിൽ ടി ഒഴിവിൽ നാലാം എതിർ കക്ഷിയായ ശ്രീമതി രാജി. ജി.പി. പി.എസ്. സി. മുഖേന നിയമനം ലഭിച്ച് കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി സേവനമനുഷ്ഠിക്കുന്നുണ്ട്. 18.02.1981-ലെ സ.ഉ(പി)നം.48/81/ജി.എ.ഡി നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം സാംസ്കാരിക വകുപ്പിൽ നിന്ന് റിലീവ് ചെയ്ത് 2 വർഷത്തിനുള്ളിൽ ടി ഒഴിവിൽ അപേക്ഷകയെ തിരികെ പ്രവേശിപ്പിക്കാമെങ്കിലും നിലവിൽ ടി തസ്തികയിൽ ഒഴിവില്ല.

4. ടി സാഹചര്യത്തിൽ, ശ്രീമതി വിനീത സി.വി യെ പുനർ നിയമിക്കുന്നതിന് നിലവിൽ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിൽ ഒഴിവില്ല എന്നതിനാൽ ടിയാളുടെ Annexure A11 അപേക്ഷയിലെ ആവശ്യം പരിഗണിക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ ഈ ആവശ്യം നിരസിച്ചുകൊണ്ടും ശ്രീമതി വിനീത.സി.വി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസിലെ 19.12.2025 ലെ വിധിന്യായം ഇപ്രകാരം നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, കേരള (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് ശ്രീമതി
വിനീത സി വി, കേരള പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ്
ശ്രീമതി. രാജി ജി. പി, സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ (സി2/6/2026-CLAD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ആഫീസർ